Official Monthly Bulletin March 2025

# MARIAN



**St. Mary's Indian Orthodox Cathedral**
P.O. Box 834, Manama, Kingdom of Bahrain. Tel: 17252980
Email: info@stmarybahrain.com, Web: www.stmarybahrain.com, /smiocbh



# രക്ഷാകരമായ നോമ്പ് സമാധാനത്തോടെ വരിക്ക



ദൈവത്തിന്റെ രക്ഷാകരമായ പദ്ധതിയുടെ ഭാഗമായിത്തീരുവാൻ ദൈവ നിശിതമായ ഒരു അനുഭവമാണ് വിശുദ്ധ നോമ്പ്. പ്രധാനമായും സഭ കൽപ്പിച്ചിരിക്കുന്ന അഞ്ച് നോമ്പുകളിൽ ഏറ്റവും പ്രാധാന്യം കല്പിക്കുന്ന ഒരു നോമ്പാണ് വലിയ നോമ്പ് എന്ന 'അൻപത് നോമ്പ്.'

എന്താണ് നോമ്പ്?

ഏദൻ തോട്ടത്തിൽ ഹവ്വയുടെ കല്പനലംഘനത്താൽ മാനവകുലം മരണ നിഴലിലേക്ക് പതിച്ചു. ശരീരം ചോദിച്ചത് കൊടുത്തതാണ് വീഴ്ച്ചയെങ്കിൽ ശരീരം ചോദിക്കുന്നത് കൊടുക്കാത്തതാണ് വിശുദ്ധ നോമ്പ്. ദൈവം നമ്മെ മെനഞ്ഞപ്പോൾ ഒരു ശരീരവും ദേഹിയും ആത്മാവും നമുക്ക് തന്നു. ആദിയിൽ ആത്മാവാണ് മനുഷ്യനെ നിയന്ത്രിച്ചിരുന്നത്. ശരീരം ആത്മാവിന് കീഴ്പ്പെട്ടിരുന്നു. ദൈവം മനുഷ്യന്റെ ആത്മാവിലൂടെ തന്റെ ഹിതം അറിയിച്ചു. അത് ദേഹിയിലേക്കും ദേഹി ശരീരത്തിലേക്കും സംവദിച്ചുകൊണ്ടിരുന്നു. എന്നാൽ ഈ ക്രമം തെറ്റി. ''ആദ്യപാപം അനുസരണക്കേട് എന്നാണ് നാം പഠിച്ചിട്ടുള്ളത്.'' അനുസരണക്കേടിന് കാരണമായത് നാം കണ്ടെത്തി പരിശോധിക്കണം. ഉല്പത്തി 2:17 ''ദൈവം അരുളിചെയ്തു- തിന്നുന്ന നാളിൽ നീ മരിക്കും''. എന്നാൽ ദൈവം പറഞ്ഞതിന് ഘടകവിരുദ്ധമായി ഒരു പ്രസ്താവന സാത്താൻ നടത്തുന്നു. ഉല്പത്തി 3:4 സാത്താൻ സ്ത്രീയോട് ''നിങ്ങൾ മരിക്കുകയില്ല നിശ്ചയം''. ദൈവം കല്പിച്ചതിന് ഘടകവിരുദ്ധമായ സാത്താന്റെ വാക്കിനെ അന്ധമായി ഹവ്വ വിശ്വസിച്ചു. ദൈവനിശിതമായ കല്പനയെ അവിശ്വസിക്കുക മൂലം പ്രലോഭനത്താൽ ആണെങ്കിലും വിശ്വാസ ധ്വംസനമുണ്ടായി. അത് അനുസരണക്കേടിലേക്ക് നയിച്ചു. പാപത്തിന്റെ ആരംഭം അവിടെയാണ്. അതായത് "അവിശ്വാസം-അനുസരണക്കേട്-പാപം''. ആദ്യപാപം അവിശ്വാസമാണ്.

യോഹന്നാന്റെ സുവിശേഷം 8:24 ൽ ''വിശ്വസിക്കാതിരുന്നാൽ നിങ്ങൾ നിങ്ങളുടെ പാപത്തിൽ മരിക്കും''. അവിശ്വാസം പാപമാണ്. അവിശ്വാസത്തോടുള്ള കർത്തൃവചനം

ഇതാണ്. വി. മത്തായിയുടെ സുവിശേഷം 17: 17–ൽ ‘‘അവിശ്വാസവും കോട്ടവും ഉള്ള തലമുറ’’ എന്നും, വി. ലൂക്കോസിന്റെ സുവിശേഷം 9:4–ൽ അവിശ്വാസം വരുമ്പോൾ കോട്ടമുണ്ടാകുമെന്നും കർത്താവ് പഠിപ്പിക്കുന്നു.

സാത്താനാകുന്ന സർപ്പം സംസാരിച്ചയുടനെ ഹവ്വ പാപം ചെയ്തു. ഉല്പത്തി 3:6 ‘‘വൃക്ഷഫലം തിന്നാൻ നല്ലതും കാണാൻ ഭംഗിയുള്ളതും, ജ്ഞാനം പ്രാപിക്കാൻ കാമ്യവും എന്ന് സ്ത്രീ കണ്ടു. ഫലം പറിച്ചു തിന്നു’’. നാം ദൈവത്തിൽ വസിക്കുന്നത് പോലെ- ഒരുപക്ഷേ അതിലും ഉപരിയായ വിശ്വാസം സാത്താനുമുണ്ട് എന്ന് യാക്കോബ് ശ്ലീഹാ സാക്ഷീകരിക്കുന്നു. ‘‘ദൈവം ഏകൻ എന്ന് നീ വിശ്വസിക്കുന്നുവോ? കൊള്ളാം. സാത്താനും അങ്ങനെ തന്നെ വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു.

വിശ്വാസത്തിന്റെ തലത്തിൽ നമുക്ക് വലിയ മാറ്റം ഉണ്ടാവുകയും നാം ആഴപ്പെടുകയും ചെയ്യണം. വി. ലൂക്കോസിന്റെ സുവിശേഷം 17:5–ൽ അപ്പോസ്തോലന്മാർ കർത്താവിനോട് ‘‘കർത്താവേ ഞങ്ങൾക്ക് വിശ്വാസം വർദ്ധിപ്പിച്ചു തരേണമേ.’’ എന്ന് നിലവിളിക്കുന്നു

ആഴമായ ഈ നിലവിളി, പരിശുദ്ധ നോമ്പ് വിഷയമായി നമുക്ക് ശ്രദ്ധിക്കുകയും അതിനായി കുറേക്കൂടി ഒരുങ്ങുകയും ചെയ്യാം. 40 ദിവസത്തെ നോമ്പ് അനുഭവങ്ങളിലൂടെ ആഴപ്പെട്ട യേശുവും, അതേ മാതൃകയുള്ള പിതാക്കന്മാരുടെയും ദർശനം നമ്മുടെ ജീവിതമാതൃകയാക്കാം. അങ്ങനെ ഉയിർപ്പിന്റെ ദിവ്യാനുഭവം നമുക്ക് സ്വായത്തമാക്കാം

**ഫാ. ജേക്കബ് തോമസ് കാരയ്ക്കൽ**
(വികാരി)

**ഫാ. തോമസ്കുട്ടി പി. എൻ.**
(അസി. വികാരി)



# ആദരാഞ്ജലികൾ

**Former Cathedral Member (Edavaka Reg. No: 2434)**

## Lizzy Korulla (73 yrs)

**W/o John Korulla Thonipurackal**
**Thonipurackal**
**Meenadom, Kottayam**

**Taken to heavenly abode on 28.02.2025**





കർത്താവിൽ പ്രിയരേ,

നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിന്റെ ദിനങ്ങളെ ഓർമ്മിപ്പിക്കുന്ന പ. വലിയ നോമ്പിലൂടെ കടന്നുപോകുവാനുള്ള ഭാഗ്യം നമുക്കേവർക്കും ലഭിച്ചതിൽ ദൈവം തമ്പുരാനെ സ്തുതിക്കാം.

വി. മൂന്ന് നോമ്പ് ഫെബ്രുവരി 9 മുതൽ 12 വരെ വളരെ അനുഗ്രഹപ്രദമായി ആചരിക്കുകയുണ്ടായി. ശുശ്രൂഷകൾക്ക് മലങ്കരസഭയുടെ അഭിമാനമായ മട്ടാഞ്ചേരി കൂനൻ കുരിശ് പള്ളിയുടെ മാനേജർ വന്ദ്യ ബെഞ്ചമിൻ തോമസ് റമ്പാച്ചൻ നേതൃത്വം നൽകി. എല്ലാ ദിനങ്ങളും ജനപങ്കാളിത്തം കൊണ്ട് സമ്പന്നമായിരുന്നു. വന്ദ്യ റമ്പാച്ചനോടുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

നമ്മുടെ ഇടവകയുടെ സുപ്രധാന ദിവസമാണ് ഫെബ്രുവരി 14ന് ആചരിക്കപ്പെടുന്ന പഴയ ദേവാലയത്തിന്റെ പ്രതിഷ്ഠാദിനം. ഈ വർഷവും അന്നേ ദിവസം വന്ദ്യ ബെഞ്ചമിൻ തോമസ് റമ്പാച്ചന്റെ മുഖ്യകാർമികത്വത്തിൽ വി കുർബ്ബാനയോടും നേർച്ച വിളമ്പോടും കൂടി അനുഗ്രഹപ്രദമായി നാം ആചരിച്ചു. ഈ അവസരത്തിൽ നമ്മുടെ മുൻ വികാരി കൂടിയായിരുന്ന അഭി. സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ (പുന്നൂസ് അച്ചൻ) സ്മരണയ്ക്ക് മുമ്പിൽ ഇടവകയുടെ സ്നേഹ പ്രണാമം.

മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധനായ പ. വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ 91-ാമത് ഓർമദിനവും നമ്മുടെ മുൻ ഭദ്രാസനാധിപൻ കൂടിയായിരുന്ന അഭി. തോമസ് മാർ മക്കാറിയോസ് തിരുമേനിയുടെ 17-ാമത് ഓർമദിനവും ഇടവക സമുചിതമായി ഫെബ്രുവരി 28ന് ആചരിച്ചു. വി. കുർബ്ബാന, നേർച്ചവിളമ്പ് തുടങ്ങിയവ ഏറ്റവും അനുഗ്രഹപ്രദമായിരുന്നു.

സബ്റോ ധ്യാനം ഫെബ്രുവരി 15ന് വന്ദ്യ ബെഞ്ചമിൻ തോമസ് റമ്പാച്ചൻ നയിച്ചു. സഭാരത്നം ഭാഗ്യസ്മരണാർഹനായ ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ഫെബ്രുവരി 21 ന് ഭക്തിപൂർവ്വം കൊണ്ടാടി. ഫെബ്രുവരി മാസത്തോടു കൂടി Induction ceremony പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ച എല്ലാ

ആധ്യാത്മിക സംഘടനകൾക്കും പ്രാർത്ഥനാപൂർവ്വമായ ആശംസകൾ നേരുന്നു.

ഇടവക പൊതുയോഗ തീരുമാനപ്രകാരം ഇടവകയുമായി ബന്ധപ്പെട്ട വാർത്തകൾ നൽകുന്നതിനും പുതിയ തലമുറയെ ചേർത്ത് പിടിക്കുന്നതിനുമായി നിലവിലുള്ള സാമൂഹ്യമാധ്യമത്തിനൊപ്പം stmarybahrain എന്ന പേരിൽ official account സാമൂഹ്യ മാധ്യമമായ ഇൻസ്റ്റഗ്രാമിൽ ആരംഭിച്ചിരിക്കുന്നു എന്ന കാര്യം ഓർമപ്പെടുത്തട്ടെ.

വലിയ നോമ്പിനൊപ്പം മുസ്ലിം സഹോദരങ്ങളുടെ ഏറ്റവും പുണ്യം നിറഞ്ഞ റമദാൻ മാസത്തിനും തുടക്കമായിരിക്കുകയാണല്ലോ, ഇവിടെ നമുക്ക് ലഭിച്ച ആരാധനാ സ്വാതന്ത്ര്യത്തിന് ഈ രാജ്യത്തെയും രാജകുടുംബത്തെയും എന്നും നന്ദിയോടെ പ്രാർത്ഥനയിൽ ഓർക്കാം.

വി. നോമ്പാലും ഉപവാസത്താലും നമ്മുടെ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും വിട്ടുവീഴ്ചയുടെയും നല്ല നാളുകൾ നമ്മുടെ മുമ്പിൽ തുറക്കപ്പെടട്ടെയെന്ന് പ്രാർത്ഥനയോടെ ആശംസിക്കുന്നു.

സ്നേഹത്തോടെ...

**സജി ജോർജ്ജ്**
(കത്തീഡ്രൽ ട്രസ്റ്റി)

**ബിനു മാത്യു ഈപ്പൻ**
(കത്തീഡ്രൽ സെക്രട്ടറി )

## New Members



**Dolly P. David**
Roll No :3049
Poonthottathil House, Karikkom
Kottarakara
Home Parish: St. George Salem
Orthodox Syrian Church, Aypalloor
Diocese : Kottarakkara-Punalur
Prayer Group: Manama
Mobile: 35486499



**Sunil George**
Roll No :3050
Thunduparampil Bethel, Valanjavattom
Thiruvalla,
Home Parish: St. Mary's Orthodox
Syrian Church, Niranam
Diocese : Niranam
Prayer Group: Church Area-North
Mobile: 33749242

## Editorial Board

**Chief Editor : Shiju K. Oommen**
**Editors : Jobi Kurian, Jobin Yohannankutty**

## Holy Qurbana Schedule - March

| | | |
|---|---|---|
| Friday | March 07, 14, 21, 28 | 8:00 AM |
| Saturday | March 01, 08, 15, 22, 29 | 7:00 PM |
| | | |
| Shubhkono | March 02 | 8:00 PM |
| Sabro Fasting prayer | March 15 | 10:00 AM |
| Feast of Annunciation to the Mother of God | March 24 | 7:00 PM |
| Mid Lent | March 25 | 7:00 PM |

## Spiritual Organaization's Meetings & Events

| | |
|---|---|
| Amoss | Regular meeting: Every Thursday after evening Prayer |
| Cathedral Choir | Regular Practice: Every Monday 7:45 PM to 9:30 PM |
| Divyabodhanam | Regular meeting: Every Mondays & Tuesdays 8 PM to 9:30 PM |
| Gavels Club | Regular meeting: $2^{nd}$ and $4^{th}$ Friday 5 PM to 6.30 PM |
| Marth Mariyam Vanitha Samajam | Regular meetings on Thursdays 6 PM to 7 PM,<br>First Thursdays (after evening prayer)<br>Pickle preparation - $05^{th}$ March, Pickle Sale-$07^{th}$ March |
| Sunday School | Regular classes : Every Fridays 10.30 AM to 12.30 PM |
| MGOCSM | Regular meeting: Every Fridays 12.30 PM to 1.30 PM |
| St. Paul's Suvisesha Sangham | Regular meeting: Every Sundays 7.40 PM to 9 PM |
| St. Thomas OCYM | Regular meeting: Every Saturdays 9 PM to 10.30 PM<br>സമർപ്പണ പ്രാർത്ഥന- $05^{th}$, $12^{th}$, $19^{th}$, $26^{th}$ March<br>Cottage Paryer: $09^{th}$ March |
| Senior Citizen Forum | Regular meeting: Fourth Wednesday after Holy Qurbana |
| Medical Auxiliary Forum | Regular meeting: First Friday after Holy Qurbana |

# Area Prayer Meetings - March 2025

## Host & Venue details

**7 MAR**

***Church North (06.00 pm)***
Mr. Sanju Mathews (Roll no: 847)
Venue: Theophilus Hall
(Mob: 39216486)

***Manama (06.00 pm)***
Mr. Robin Thomas (Roll no: 2097)
Venue: Cathedral Balcony
(Mob: 33411794)

***Church South (07.30 pm)***
Venue: Theophilus Hall

***Sh. Hamad Guful (07.30 pm)***
Mr. Geevarghese John (1797) &
Jerin Raj Sam(2808)
Venue: Cathedral Balcony

**14 MAR**

***Gudaibiya - Hoora (06.00 pm)***
Venue: Cathedral Balcony

***Salmabad - Budaiya (06.00 pm)***
Mr. Jeeth Gregory Luke (Roll no: 2010)
Flat 24, Bldg 76, Rd 5003, Al Maqsha
0450, Near Country Mall R/A
(Mob: 33209100)

***Muharaq (07.30 pm)***
Mr. Rijin Varghese (Roll no: 2343)
Flat 12, Bldg 510, Rd 1019, Blk 110
(Mob: 39899516)

**21 MAR**

***Isa Town - Tubli (05.00 pm)***
Mr. Biju Joseph (Roll no: 1729)
Venue: Theophilus Hall
(Mob: 36069577)

***Riffa - Sitra (05.00 pm)***
Mr. Diju John (Roll no: 838)
Flat 31, Bldg 3047, Rd 107,
Al Hunayniya 901, East Riffa
(Mob: 39174003)

***Segaya - Zinj (06.00 pm)***
Mr. Joseph V Philipose(Jomon)
(Roll no: 1453)
Flat 42, Bldg 937, Rd 3318, Blk 333
(Mob: 39325351)


***Khamis - Sehla (06.00 pm)***
Thomas K. Cherian (Roll no: 2119)
Flat 22, Bldg 289, Rd 5804 Blk 358
Bilad Al Qadeem, (Mob: 33314480)

***Adiliya - Um Al Hassam (07.30 pm)***
Mr. Johnson Kalluvilayil (Roll no: 1377)
Venue: Theophilus Hall
(Mob: 39581337 )

***Salmaniya (07.30 pm)***
Mr. Vinu Jacob (Roll no: 1426)
Venue: Cathedral Balcony
(Mob: 36766254)

ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരീ
ആചാര്യന്നേകുക പുണ്യം നാഥാ സ്തോത്രം

*In Ever Loving Memory of*



## VERY. REV. P. I. JOHN COR EPISCOPA

PUTHIYAZHIKATHU, PUTHOOR

(1936 - 2018)

YOUR LIFE WAS A BLESSING, YOUR MEMORY A TREASURE
YOU ARE LOVED BEYOND WORDS AND
MISSED BEYOND MEASURE

Inserted By: Leny P. Mathew & Family
Jacob P. Mathew (Laiju) & Family